# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമങ്ങൾ.

വിഷയം - ആ.വ.ഡ - ടൈപ്പിസ്റ്റുമാരുടെ 01/11/2011 മുതൽ 31/07/2015 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിച്ചുകൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച്.

സൂചന -
1) തൃശ്ശൂർ പി.എസ്.സിയുടെ 20/04/2012 - ലെ ആർ.ഐ(3) 260/2005 എന്ന നമ്പർ കത്ത്.
2) തൃശ്ശൂർ ഡി.എം.ഒയുടെ 25/05/2012 - ലെ എ2-6237/10 എന്ന നമ്പർ ഉത്തരവ്.
3) ഈ ഓഫീസിലെ 19/12/2015 ലെ ഇതേ നമ്പർ ഉത്തരവ്.
4) തൃശ്ശൂർ ഡി.എം.ഒയുടെ 05/07/2016 - ലെ എ2-6830/16 എന്ന നമ്പർ കത്ത്.
5) ഈ ഓഫീസിലെ 12/07/2016 - ലെ ഇതേ നം. നോട്ടീസ്.
6) ശ്രീമതി.സുനിത മേനോൻ 02/07/2016 - ൽ സമർപ്പിച്ച അപേക്ഷ.

*ഉത്തരവ് നം.ഇ.എസ്2-60301/2015/ആ.വ.ഡ/തീയതി.07/09/2016.*

ടൈപ്പിസ്റ്റുമാരുടെ 01/01/2011 മുതൽ 31/07/2015 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി തൃശ്ശൂർ ഡി.എം.ഒയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ് ശ്രീമതി.സുനിത മേനോൻ.സി സമർപ്പിച്ച അപേക്ഷ സൂചന നാല് (4) പ്രകാരം അയച്ചുതന്നിരിക്കുന്നു.

ശ്രീമതി.സുനിത മേനോൻ.ഡി സൂചന ഒന്ന് (1) പ്രകാരമുള്ള തൃശ്ശൂർ ജില്ലാ പി.എസ്.സിയുടെ നിയമന ശുപാർശയുടേയും സൂചന രണ്ട് (2) പ്രകാരമുള്ള തൃശ്ശൂർ ഡി.എം.ഒയുടെ നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ 30/05/2012 - ൽ ക്ലാർക്ക് ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിക്കുകയും 11/07/2012 ന് ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഓപ്ഷൻ നൽകുകയും 30/05/2014 ന് പരിവീക്ഷണ കാലം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം സൂചന മൂന്ന് (3) പ്രകാരമുള്ള ടൈപ്പിസ്റ്റുമാരുടെ 01/01/2011 മുതൽ 31/07/2015 വരെയുള്ള സീനിയോറിട്ടി പട്ടികയിൽ 1(എ) ആയി ഉൾപ്പെടുത്തുന്നതിനും പ്രസ്തുത സീനിയോറിട്ടിപട്ടികയിൽ 1(എ) ആയിരുന്ന ശ്രീമതി.പ്രീതാമോൾ.എം.എസ് നെ 1(എ) (1) ആയി ഉൾപ്പെടുത്തുന്നതിനും താല്ക്കാലികമായി തീരുമാനിച്ച് സൂചന അഞ്ച് (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരുംതന്നെ പരാതികളൊന്നും സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ തൃശ്ശൂർ ഡി.എം.ഒയിലെ ടൈപ്പിസ്റ്റ് ശ്രീമതി.സുനിത മേനോൻ.സി യെ ടൈപ്പിസ്റ്റുമാരുടെ 01/01/2011 മുതൽ 31/07/2015 വരെയുള്ള കാലയളവിലെ സീനിയോറിട്ടി പട്ടികയിൽ 1(എ) ആയി ഉൾപ്പെടുത്തിയും നിലവിൽ പ്രസ്തുത സീനിയോറിട്ടി പട്ടികയിൽ 1(എ) ആയിരുന്ന

ശ്രീമതി.പ്രീതാമോൾ.എം.എസ് നെ 1(എ) (1) ആയി പുതുക്കി നിശ്ചയിച്ചും ഇതിനാൽ ഉത്തരവാകുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രനം. | പേര് | ജനനതീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിട്ടിക്ക് കണക്കാക്കുന്ന തീയതി | നിലവിലെ റാങ്ക് | പുതുക്കിയ റാങ്ക്. |
|---|---|---|---|---|---|---|
| 1 | സുനിതമേനോൻ.സി | 20/07/1975 | 30/05/2012 | 20/04/2012 | - | 1(A) |
| 2 | പ്രീതാമോൾ.എം.എസ് | 12/12/1974 | 22/06/2012 | 02/05/2012 | 1(A) | 1(A) 1 |

സൂചന മൂന്ന് (3) ലെ സീനിയോറിട്ടി പട്ടിക ഇതോടൊപ്പം പരിഷ്കരിച്ചിരിക്കുന്നു.

ഒപ്പ്
ഐസക് ഇട്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ.
2) ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ.
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.
4) ഇ.ഡി സെക്ഷൻ.
5) ഫയൽ, കരുതൽ ഫയൽ.

അംഗീകാരത്തോടെ

സൂപ്രണ്ട്.